# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1542 | 10.02.2020-ൽ മറുപടിയ്ക്ക് |
|---|---|
| **പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾക്ക് ബദൽ ഉല്പന്നങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, കെ.എൻ.എ ഖാദർ<br>,, ടി.എ.അഹമ്മദ് കബീർ<br>,, പി.കെ.ബഷീർ | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനം കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾക്കു പകരം ബദൽ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനും ശുചിത്വ മിഷനും പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കു പകരം ബദൽ ഉൽപന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനായി കേരളത്തിലുടനീളം 1319 കുടുംബശ്രീ സംരംഭങ്ങൾ നിലവിലുണ്ട്. വിപണിയിലെ സാന്നിദ്ധ്യമറിയിക്കുന്നതിന് എല്ലാ ജില്ലയിലും ബദൽ ഉൽപന്ന പ്രദർശനങ്ങളും, ക്യാമ്പയിനുകളും വിവിധ ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ ശുചിത്വ മിഷൻ മുഖേനയും കുടുംബശ്രീ മുഖേനയും സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രാദേശികമായി ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ (പാള, ഈറ, കൈതോല, മുള, തൊണ്ട് തുടങ്ങിയവ) ഉപയോഗപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകൾ ബദൽ ഉൽപന്നങ്ങളും, പ്രകൃതി സൗഹൃദ ഉൽപന്നങ്ങളും നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്. മേളകളിലൂടെയും, ക്യാമ്പയിനുകളിലൂടെയും പ്രവർത്തനം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തുന്നതിനുള്ള നടപടികളും തുടരുന്നുണ്ട്. കുടുംബശ്രീ ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിതസംരംഭങ്ങൾക്ക് വിപണിയിൽ സജീവമാകാൻ നിർദ്ദേശങ്ങളും പിന്തുണകളും നൽകി വരുന്നു. 3 രൂപ മുതൽ വിലവരുന്ന തുണിസഞ്ചികളും, പേപ്പർ കവറുകളും ഉൾപ്പടെ വിപണിയ്ക്കാവശ്യമായ വിവിധ ഉത്പന്നങ്ങൾ നൽകുവാൻ കുടുംബശ്രീ യൂണിറ്റുകൾ സജീവമായിട്ടുണ്ട്. കൂടുതൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് ബദൽ കണ്ടെത്തി വിപണിയിലെത്തിക്കുന്നതിലേയ്ക്കുള്ള പ്രവർത്തനവും ഇതോടൊപ്പം കുടുംബശ്രീ സൂക്ഷ്മ സംരംഭ മേഖലയിൽ നടന്നുവരുന്നു.<br>കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചു വരുന്നുണ്ട്. തുണി, പാള ഉൽപ്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപന്നങ്ങൾ, ചണ ഉൽപന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ ഇതിൽപ്പെടുന്നു. ഇത്തരത്തിലുള്ള ജില്ലാതല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് മറ്റുസംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും, വലിയ ഓർഡറുകൾ ചെയ്തുകൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ബി) | കുടുംബശ്രീ സംവിധാനത്തെ വ്യാപകമായി പ്രയോജനപ്പെടുത്തി പ്രാദേശികമായി എളുപ്പത്തിൽ ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി ബദൽ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വ്യാപകമാക്കുന്നതിനും ജനകീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ